<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2819 17.06.2019 -ൽ മറുപടിക്ക്

# എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര ഉദ്യോഗാർത്ഥികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ പുരുഷൻമാർ, വനിതകൾ എന്നിവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആകെ 35,63,477 ഉദ്യോഗാർത്ഥികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പുരുഷന്മാരുടെയും വനിതകളുടെയും എണ്ണം ജില്ല തിരിച്ച് **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (ബി) | കഴിഞ്ഞ വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി എത്രപേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ വർഷം (2018) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആകെ 12,887 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ജോബ് ഫെയർ മുഖേന 9255 പേർക്കും, എംപ്ലോയബിലിറ്റി സെന്റർ മുഖേന 5727 പേർക്കും കഴിഞ്ഞ വർഷം തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഹൈടെക് ആക്കുന്നതിനും നൂതന പരിപാടികൾ ആവിഷ്കരിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം ഹൈടെക്ക് ആക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ്വെയർ മുഖേന 03/05/2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. www.employment.kerala.gov.in എന്ന വെബ് സൈറ്റ് വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്ന പ്രത്യക്ഷമായ സേവനങ്ങൾ എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്.<br>വെബ്സൈറ്റ് വഴി രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എംപ്ലോയ്മെന്റ് |

| | | | |
|---|---|---|---|
| | | | എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ട്.<br>കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരികയാണ്. ഇതേവരെ 55 ഓഫീസുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി കഴിഞ്ഞു.<br>സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്നതിനായി ഒരു പ്രൈവറ്റ് ജോബ് പോർട്ടൽ വികസിപ്പിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ച് വരികയാണ്.<br>കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് താഴെ പറയുന്ന നൂതന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്<br>1. എംപ്ലോയബിലിറ്റി സെന്റർ<br>2. കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി)<br>3. മോഡൽ കരിയർ സെന്റർ<br>4. നിയുക്തി മെഗാ ജോബ് ഫെയർ |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ജില്ല** | **പുരുഷന്മാർ** | **സ്ത്രീകൾ** | **ആകെ** |
|---|---|---|---|
| തിരുവനന്തപുരം | 194683 | 340812 | 535495 |
| കൊല്ലം | 140394 | 233171 | 373565 |
| ആലപ്പുഴ | 116035 | 183338 | 299373 |
| പത്തനംതിട്ട | 46500 | 78294 | 124794 |
| കോട്ടയം | 87548 | 138738 | 226286 |
| ഇടുക്കി | 43346 | 65451 | 108797 |
| എറണാകുളം | 127125 | 217472 | 344597 |
| തൃശ്ശൂർ | 92150 | 184504 | 276654 |
| പാലക്കാട് | 90711 | 153985 | 244696 |
| മലപ്പുറം | 99429 | 174120 | 273549 |
| കോഴിക്കോട് | 120480 | 243075 | 363555 |
| വയനാട് | 35791 | 57379 | 93170 |
| കണ്ണൂർ | 68272 | 138520 | 206792 |
| കാസർകോട് | 32435 | 59719 | 92154 |
| **ആകെ** | **1294899** | **2268578** | **3563477** |

**സെക്ഷൻ ഓഫീസർ**